വൈക്കത്തെ കർഷകർക്ക് പമ്പിംഗ് സബ്സിഡി

1426 [2226] ശ്രീ. എ. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കത്തെ കർഷകർക്ക് കഴിഞ്ഞ വർഷം പമ്പിംഗ് സബ്സിഡി ഇനത്തിൽ എത്ര രൂപയാണ് കൊടുക്കേണ്ടിയിരുന്നത്;

(ബി) ഇതിൽ എത്ര രൂപാ കൊടുത്തു;

(സി) ബാക്കി എത്ര കൊടുത്തുതീർക്കാനുണ്ട്; ഇത് എന്ന് കൊടുത്തുതീർക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 32 ലക്ഷം രൂപ.

(ബി) 2 ലക്ഷം രൂപ.

(സി) 30 ലക്ഷം രൂപ, എത്രയും വേഗം കൊടുത്തു തീർക്കുന്നതിനുള്ള നടപടി എടുത്തുവരികയാണ്.

കർഷിക വില നിലവാര കമ്മീഷൻ

1247 [2227] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

സംസ്ഥാനത്തിന് ഒരു കാർഷിക വില നിലവാര കമ്മീഷൻ രൂപീകരിക്കാൻ നടപടികൾ എടുക്കുമോ; അക്കാര്യത്തിന് കേന്ദ്ര സഹായം കിട്ടുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ?

ഉത്തരം

ഇത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് സംസ്ഥാന പ്ലാനിംഗ് ബോർഡ് സെക്രട്ടറിയെ നിയോഗിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഗവൺമെന്റ് റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

പുതിയ കേരോദ്ധാരണ പദ്ധതി

1248 [2228] ശ്രീ. കെ. പി. അരവിന്ദാക്ഷൻ:
ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. സി. കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയ കേരോദ്ധാരണ പദ്ധതി എന്തെങ്കിലും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള ഒരു സമഗ്ര നാളികേര വികസന പദ്ധതി സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) സമഗ്ര നാളികേര വികസനം ലക്ഷ്യമാക്കിയുള്ള ഈ പദ്ധതിയിൽ ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ വിതരണം, രോഗബാധിതമായതും കായ്ഫലം കുറഞ്ഞ് അനാദായകരമായതുമായ തെങ്ങുകൾ

LIBRARY ARCHIVES Kerala Legislative Assembly